പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1628 — 11.2.2013-ൽ മറുപടിക്ക്

## തലസ്ഥാനത്തെ മൊബൈൽ മാലിന്യസംസ്കരണ പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | തലസ്ഥാനത്തെ മാലിന്യം സംസ്കരിക്കുന്നതിനായി കൊണ്ടുവന്ന മൊബൈൽ മാലിന്യസംസ്കരണ പ്ലാന്റ് എവിടെയൊക്കെയാണ് മാലിന്യസംസ്കരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ. | എ) | 4.11.2012 മുതൽ പാളയം ചന്തയ്ക്ക് സമീപത്തും 10.11.2012 മുതൽ കിഴക്കേകോട്ടയിലെ പ്രിയദർശിനി പാർക്കിന് സമീപത്തുമാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. |
| ബി) | പ്രസ്തുത പ്ലാന്റ് വഴി ഇതുവരെ എത്ര ടൺ മാലിന്യം സംസ്ക്കരിച്ചു എന്നു വ്യക്താമാക്കുമോ ; | ബി) | മണിക്കൂറിൽ 0.5 ടൺ മുതൽ 1 ടൺ വരെയുള്ള മാലിന്യം സംസ്ക്കരിക്കാനാണ് ഈ ഇൻസിനറേറ്ററിന് ശേഷിയുള്ളത്. ദിവസവും 5 മുതൽ 10 മണിക്കൂർ വരെ ഇത് പ്രവർത്തനം നടത്തുന്നുണ്ട്. (ഇത് പ്രവർത്തിപ്പിക്കുന്നത് മൊബൈൽ ഇൻസിനറേറ്റർ സപ്ലൈ ചെയ്ത ചിന്തൻ സെയിൽസ് അഹമ്മദാബാദ് എന്നുള്ള ഏജൻസിയാണ്). |
| സി) | പ്രസ്തുത മൊബൈൽ പ്ലാന്റിന് നൽകിയ വില വെളിപ്പെടുത്തുമോ ; | സി) | മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (സിഡ്കോ) ആണ്. ഇതിനുള്ള ടെൻഡറുകൾ ക്ഷണിച്ച് അതിൽ നിന്നും 2.1943 കോടി രൂപ, ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്ക് അംഗീകരിച്ച് തുടർ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. |

| | |
|---|---|
| ഡി) പ്രസ്തുത പ്ലാന്റുമായി ബന്ധപ്പെട്ട് കരാർ ആരുമായാണ് ഏർപ്പെട്ടിരുന്നത്, വ്യക്തമാക്കുമോ, ഇതിന്റെ സാങ്കേതിക മേന്മ വിലയിരുത്തിയത് ആരാണെന്ന് വ്യക്തമാക്കുമോ | ഡി) മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനായി ക്ഷണിച്ച ടെൻഡറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചിന്തൻ സെയിൽസ്, അഹമ്മദാബാദ് എന്ന സ്ഥാപനവുമായിട്ടാണ് സിഡ്കോ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിനുള്ള സാങ്കേതിക മേന്മ വിലയിരുത്തനായി സർക്കാർ അംഗീകരിച്ച സാങ്കേതിക സമിതയിൽ ശുചിത്വ മിഷന്റെ ഡയറക്ടർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻവെയോൺമെന്റ് എഞ്ചിനീയർ, പി ഡബ്ളിയു ഡി മെക്കാനിക്കൽ വിങ്ങിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിഡ്കോയുടെ സെയിൽസ് മാനേജർ എന്നിവർ ഉൾപ്പെടുന്നു |
| ഇ) മാലിന്യ സംസ്ക്കരണത്തിനായി കൂടുതൽ പ്ലാന്റുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോഎന്ന് വ്യക്തമാക്കുമോ ? | ഇ) കൂടുതൽ ഇൻസിനറേറ്ററുകൾ വാങ്ങാനായി സർക്കാർ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ